"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ഷീബ ജോർജ്ജ് IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ പദ്ധതി - 2019-20 - സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഈ ഓഫീസിലെ 16-04-2019 ലെ ഇതേ നമ്പർ ഉത്തരവ്
2. എറണാകുളം പി.ഒ.യുടെ ഇ-മെയിൽ
3. മലപ്പുറം പി.ഒ.യുടെ 03.07.2019ലെ എ-1519/18 നമ്പർ കത്ത്.

**ഉത്തരവ് നം. ICDS-A6-8575/19 തീയതി. 04-07-2019**

സൈക്കോ സോഷ്യൽ പദ്ധതിയുടെ കീഴിൽ മലപ്പുറം, എറണാകുളം ജില്ലകളിൽ സേവനമനുഷ്ഠിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് അധിക തുക ആവശ്യമുണ്ടെന്ന് പരാമർശം (2), (3) പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് എറണാകുളം ജില്ലയിൽ പരാമർശം (2) പ്രകാരം 5,67,466/- രൂപയും മലപ്പുറം ജില്ലയിൽ പരാമർശം (3) പ്രകാരം 9 സക്കൂൾ കൗൺസിലർമാർക്ക് 121200x9= 1090800/- രൂപയും ചേർത്ത് ആകെ 16,58,266/- (പതിനാറ് ലക്ഷത്തി അമ്പത്തിഎട്ടായിരത്തി ഇരുന്നൂറ്റി അറുപത്തി ആറു രൂപ മാത്രം) രൂപ അധികമായി അനുവദിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഐസിഡിഎസുകളുടെ പരിധിയിലെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായി എറണാകുളം പ്രോഗ്രാം ഓഫീസർക്ക് 5,67,466/- (അഞ്ചു ലക്ഷത്തി അറുപത്തിയേഴായിരത്തി നാന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) രൂപയും, മലപ്പുറം പ്രോഗ്രാം ഓഫീസർക്ക് 1090800/- (പത്ത് ലക്ഷത്തി തൊണ്ണൂറായിരത്തി എണ്ണൂറ് രൂപ മാത്രം) ചേർത്ത് 16,58,266/- (പതിനാറ് ലക്ഷത്തി അമ്പത്തിഎട്ടായിരത്തി ഇരുന്നൂറ്റി അറുപത്തി ആറു രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

P/19

ഓരോ ഐസിഡിഎസിലും ഇതോടൊപ്പമുള്ള പട്ടിക പ്രകാരമുള്ള തുക പ്രോഗ്രാം ഓഫീസർ സിഡിപിഒമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. സിഡിപിഒമാർ ഹോണറേറിയം പിൻവലിച്ച് ബന്ധപ്പെട്ട സ്കൂൾ കൗൺസിലർമാരുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യേണ്ടതും ആയതിന്റെ അക്വിറ്റൻസ് രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-62(01) (P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

ഉള്ളടക്കം: ലിസ്റ്റ്

പ്രോഗ്രാം ഓഫീസർ,
മലപ്പുറം, എറണാകുളം

പകർപ്പ്:
1.സൂപ്രണ്ട്, എ സെക്ഷൻ
2.സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

| ക്രമ നം | പ്രോജക്ട് | കൗൺസിലർമാരുടെ എണ്ണം | ഹോണറേറിയം നൽകുന്നതിന് ആവശ്യമായ അധികതുക | വനിത ശിശു വികസന ഡയക്ടറുടെ 16-04-19 ലെ ICDS-A6-8575/19 ഉത്തരവിൽ അധികം അനുവദിച്ച തുക ക്രമീകരിക്കുന്നു |
|---|---|---|---|---|
| ജില്ല - കോട്ടയം | | | | |
| ജില്ല - എറണാകുളം | | | | |
| 1 | കൊച്ചി അർബൻ 1 | 4 | 214666 | |
| 2 | കോതമംഗലം അഡീഷണൽ | 4 | 352800 | |
| | എറണാകുളം ജില്ലയ്ക്ക് ആകെ അനുവദിക്കുന്ന തുക | | 567466 | |
| ജില്ല - മലപ്പുറം | | | | |
| 1 | അരീക്കോട് | 3 | 363600 | |
| 2 | പെരിന്തൽമണ്ണ അഡീഷണൽ | 1 | 121200 | |
| 3 | പെരുമ്പടപ്പ് | 3 | 363600 | |
| 4 | താനൂർ | 2 | 242400 | |
| 5 | തിരൂർ അഡീഷണൽ | 1 | nil | നിലമ്പൂർ അഡീഷണൽ പ്രോജക്ടിന് അധികമായി അനുവദിച്ച 121200/- രൂപ തിരൂർ അഡീഷണൽ പ്രോജക്ടിന് ക്രമീകരിച്ചു നല്കുന്നു |
| 6 | തിരൂരങ്ങാടി | 1 | nil | താനൂർ അഡീഷണൽ പ്രോജക്ടിന് അധികമായി അനുവദിച്ച 121200/- രൂപ തിരൂരങ്ങാടിക്ക് പ്രോജക്ടിന് ക്രമീകരിച്ചു നല്കുന്നു |
| 7 | കാളികാവ് | 1 | nil | വണ്ടൂർ പ്രോജക്ടിന് അധികമായിഅനുവദിച്ച 121200/- രൂപ കാളികാവ് പ്രോജക്ടിന് ഫണ്ട് അനുവദിച്ചതിലെ കുറവ് ക്രമീകരിച്ചു നല്കുന്നു |
| | മലപ്പുറം ജില്ലയ്ക്ക് ആകെ അനുവദിക്കുന്ന തുക | | 1090800 | |
| | സംസ്ഥാനത്തെ ആകെ | | 1658266 | |
| | (പതിനാറ് ലക്ഷത്തി അമ്പത്തിഎട്ടായിരത്തി ഇരുന്നൂറ്റി അറുപത്തി ആറു രൂപ മാത്രം) | | | |